പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2333 — 18.06.2014- ലെ മറുപടിക്ക്

## വിദ്യാലയ പരിസരങ്ങളിലെ ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാര പരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | വിദ്യാലയ പരിസരങ്ങളിൽ പാക്കറ്റുകളിൽ വില്പന നടത്തുന്ന ഭക്ഷണ പദാർത്ഥങ്ങളിലും ശീതള പാനീയങ്ങളിലും കുട്ടികളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്ന രാസപദാർത്ഥങ്ങൾ ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. അത്തരത്തിലുള്ള പരാതി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സംസ്ഥാന വ്യാപകമായി അത്തരം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനക്കയയ്ക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | ഇത്തരം സാധനങ്ങളുടെ വില്പന നിയമം മൂലം നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | ഭക്ഷ്യസുരക്ഷാ നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിക്കും പ്രകാരമല്ലാതെ നിർമ്മിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കുകയോ, വിതരണം നടത്തുകയോ, വിൽപന നടത്തുകയോ ചെയ്യുന്നത് ശിക്ഷാർഹമായ കുറ്റമാണ്. ആയതിനാൽ പ്രത്യേകമായ നിയമം മൂലം നിരോധിക്കേണ്ടതിന്റെ ആവശ്യകതയില്ല. |
| സി) | ഇത്തരം ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി) | ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീവിടങ്ങളിൽ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ അംഗീകരിച്ച അക്രഡിറ്റഡ് ലാബുകളിലും പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**